**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇൻഷുറൻസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടി പ്രവർത്തകർക്കുള്ള അങ്കണം, കുടുംബശ്രീ ജീവനക്കാർക്കുള്ള ഒരുമ, കർഷകർക്കുള്ള കാർഷിക കർമ്മസേന -ഇൻഷുറൻസ്, കുട്ടികൾക്കുള്ള ബാല്യ സുരക്ഷാ പദ്ധതി എന്നീ ഇൻഷുറൻസ് പദ്ധതികൾക്കായി 2022-23 വർഷത്തിൽ ഓരോ പദ്ധതിക്കും എത്ര രൂപ പ്രീമിയം അടച്ചിട്ടുണ്ട്; ഈ പദ്ധതിയ്ക്ക് ഓരോന്നിനും 2022-23 കാലയളവിൽ എത്ര ക്ലെയിം ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര ക്ലെയിം തുക ഉപഭോക്താവിന് നാളിതുവരെ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | അങ്കണവാടി പ്രവർത്തകർക്കുള്ള 'അങ്കണം' പദ്ധതി ആരംഭിച്ചിട്ടില്ല. ഇൻഷുറൻസ് വകുപ്പും വനിതാ ശിശുവികസന വകുപ്പും ചേർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കാർഷിക കർമ്മസേന അംഗങ്ങൾക്കുള്ള കരുതൽ ഇൻഷുറൻസ് പദ്ധതിയും നടപ്പാക്കിയിട്ടില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ബാല്യസുരക്ഷ' പദ്ധതിയുടെ നടപടികളും പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതികൾ പ്രാബല്യത്തിൽ വരുമ്പോൾ മാത്രമേ പ്രീമിയം ഒടുക്കുവരുത്തേണ്ടതുള്ളൂ. കുടുംബശ്രീ ജീവനക്കാർക്കുള്ള 'ഒരുമ' പദ്ധതിയിൽ നിന്നും 2022-23 വർഷത്തിൽ പ്രീമിയം ഇനത്തിൽ 47,34,22,003/-(നാൽപ്പത്തിയേഴ് കോടി മുപ്പത്തിനാല് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി മൂന്ന് രൂപ മാത്രം) രൂപ ലഭിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ 'ഒരുമ' പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 558 ക്ലെയിമുകൾ ലഭിച്ചിട്ടുണ്ട്. ക്ലെയിം തുകയായി 2,22,47,500/-(രണ്ട് കോടി ഇരുപത്തി രണ്ട് ലക്ഷത്തി നാൽപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഉപഭോക്താക്കൾക്ക് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ